(*d*) Was placed under suspension from 22nd Mithunam 1116 to 19th Meenam 1117 for certain irregularities when he was in charge of the Travancore House in Madras.

ശ്രീ. കെ. എ. മാത്യു: കുറ്റംചെയ്ത ഓഫീസർ പ്രമോഷൻ കൊടുക്കാൻ കാരണം എന്താണ്?

Sri. E. John Philipose: It is not a case of actual promotion. The Sub-Division Officer went on leave and Gopalan Nayar who was the Senior Supervisor was put in charge of the work. It was done by the Irrigation Engineer.

Sri. A. K. George: What are the reasons for his suspension.

Sri. E. John Philipose: I am not in possession of the details.

Sri. A. K. George: Defalcation of accounts?

Sri. E. Jonn Philipose: I am not sure.

ശ്രീ. പാറ തളിയത്ത്: മറ്റുള്ളവരുടെ സീനിയോറിട്ടിക്ക് ഇതുകൊണ്ട് എന്തെങ്കിലും കുഴപ്പമുണ്ടോ?

ശ്രീ. ജോൺഫിലിപ്പോസ്: ഇല്ല.

പ്രൈവറ്റ് സെക്കൻഡറി സ്കൂളുകളിലെ ക്ലാർക്കന്മാരുടെയും മറ്റും ശമ്പളം

*ന ൭൫. (ക൫) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

അടുത്തകാലത്ത് ഗവണ്മെന്റും സ്കൂൾ മാനേജരന്മാരും തമ്മിൽ അദ്ധ്യാപകന്മാരുടെ ശമ്പളം മുതലായ കാര്യങ്ങളെപ്പറ്റി തീരുമാനം ചെയ്യുമ്പോൾ പ്രസ്തുത ആഫിസ്സുസ്സാഹിന്റെ കാര്യം വിട്ടുകളവാനുള്ള കാരണമെന്താണ്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): അദ്ധ്യാപകന്മാരുടെ കാര്യംമാത്രം ഉന്നയിക്കപ്പെട്ടതിനാൽ അതിനെപ്പറ്റിയാണ് അപ്പോൾ തീരുമാനിച്ചത്.

ശ്രീ. കെ. എ. മാത്യു: ഇവരുടെ കാര്യംകൂടി തീരുമാനിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആലോചിക്കാം.

വളം വിതരണം

*ന ൭൬. (ക൬) ശ്രീ. കോന്നാത്ത കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തൃശ്ശിവപേരൂരിൽ ആകെ എത്ര സംഖ്യക്കുള്ള വളം ൧൯൫൫, ൧൯൫൬, ൧൯൫൭ എന്നി കൊല്ലങ്ങളിൽ വിതരണം ചെയ്യിട്ടുണ്ട്;

(ബി) ഈ വിതരണം ചെയ്യുവാൻ എത്ര ഡിപ്പാർട്ടുമെന്റ് വഴിയാണ്;

(സി) വളം സൂക്ഷിച്ചു വിതരണം ചെയ്യാൽ തൂക്കത്തിൽ കുറവുവരുമെന്നു ഗവണ്മെന്റിലേക്ക് ബോദ്ധ്യമുണ്ടോ;

(ഡി) അങ്ങിനെ കുറവുവന്നാൽ കണ്ടിസക്ഷൻ കൊടുക്കുന്നതിന്റെ റേറ്റ് എത്ര?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): താഴെ പറയുന്ന സംഖ്യക്കുള്ള വളം തൃശ്ശിവപേരൂരിൽ ൧൯൫൫, ൧൯൫൬, ൧൯൫൭, ഈ ആണ്ടുകളിൽ വിതരണം ചെയ്യിട്ടുണ്ട്.

൧൯൫൫-ൽ ൨, ൦൫, ൪൪൫-രൂപാ

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടംഫോസ്	ഫോസ്ഫേറ്റ് 0 രൂപാ
ഫാക്ടമിൽ	നൈട്രജൻ 0 രൂപാ

(ബി) കൃഷി പഞ്ചായത്തു എന്ന രണ്ടു ഡിപ്പാർട്ടുമെണ്ടുകളും വഴിയാണു്.

(സി) ഉണ്ടു്.

(ഡി) സാധാരണ കൺസഷൻ അനുവദിക്കാറില്ല. എന്നാൽ ഗവണ്മെണ്ടു സ്റ്റോറിലുള്ള സാമഗ്രികൾക്കു ഒരു ഷാർട്ടേജു് അലവൻസു് അനുവദിക്കുന്നുണ്ടു്. അതു ഈ രീതിയിലാണു്.

പിണ്ണാക്കുവളം	രണ്ടു ശതമാനം
അമോനിയം സൾഫേറു്, കെയ്നൈറു്, പൊട്ടാഷിയം സൾഫേറു് മുതലായ കെമിക്കൽ വളങ്ങൾ	മൂന്നു ശതമാനം
എല്ലുപൊടി	രണ്ടു ശതമാനം
മത്സ്യവളം, ചെമ്മീൻപൊടി	അഞ്ചു ശതമാനം
ഉപ്പു്	അഞ്ചു ശതമാനം.

ശ്രീ. കോന്നനാത്തു കണ്ണിരാമമേനോൻ: ഇപ്പോഴും ഈ ഡിപ്പാർട്ടുമെൻറുകളും മുഖാന്തിരം വിതരണം നടത്തികൊണ്ടു ഇരിക്കുകയാണോ?

ശ്രീ. ഇ. ജാൺ പിലിപ്പോസു്: വളവിതരണം ഗവണ്മെണ്ടുതന്നെ നേരിട്ടു നടത്തണമെന്നാണു് വിചാരിക്കുന്നതു്. അതുവരെ ഇപ്പോഴുള്ള രീതി തുടരുന്നതാണു്.

ശ്രീ. എ. താണുപിള്ള: ഈ സ്റ്റോറിൽ ഇതുവരെ ഒരുകെ എത്ര രൂപാ ള്ള വളം വിതരണം ചെയ്തിട്ടുണ്ടു്.

ശ്രീ. ഇ. ജാൺ പിലിപ്പോസു്: ഫിഗേഴ്സു് ഇപ്പോൾ കൈവശം ഇല്ല.

ശ്രീ: കെ. കെ. ചെല്ലപ്പൻപിള്ള: വിതരണം ചെയ്ത വളംകൊണ്ടു് കൃഷിക്കു് ഗുണം കൂടുതലോ കുറവോ?

ശ്രീ. ഇ. ജാൺപിലിപ്പോസു്: ഗുണമാണെന്നാണു് തോന്നുന്നതു്. അല്ലെങ്കിൽ ഇത്ര കൺസംപ്ഷൻ ഉണ്ടാകുകയില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇതു് അനേക്ഷിച്ചിട്ടാണോ പറയുന്നതു്?

ശ്രീ. ഇ. ജാൺ പിലിപ്പോസു്: അതേ.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഒരു വർഷം വോണാട്ടു കരയിൽ ഈ വളം ഉപയോഗിച്ചിട്ടും യാതൊരു പ്രയോജനവും ഇല്ലായിരുന്നു എന്നു അറിയാമോ?

ശ്രീ. ഇ. ജാൺ പിലിപ്പോസു് അറിഞ്ഞുകൂടാ. ആ വർഷത്തിൽ പൊട്ടാസ്യം ഇല്ലാതിരുന്ന നൈട്രേറും സൽഫേറും സപ്ലൈചെയ്തു.

ശ്രീ. പോൾ തളിയത്തു്: ഈ വളം എല്ലാംകൂടി കലർത്തി വിതരണം ചെയ്യുകയാണോ അതോ പ്രത്യേകം പ്രത്യേകം ആയി വിതരണം ചെയ്യുകയാണോ?

ശ്രീ. ഇ. ജാൺ പിലിപ്പോസു്: എല്ലാംകൂടി കലർത്തിയാണു് വിതരണം ചെയ്യുന്നതു്.

ശ്രീ. എ. താണുപിള്ള: വളം പല സ്ഥലങ്ങളിലും വിതരണം ചെയ്യുമ്പോൾ തൂക്കത്തിൽ കുറവു വരുന്നതായിട്ടു് അറിയാമോ?

ശ്രീ. ഇ. ജാൺപിലിപ്പോസു്: അങ്ങനെ റിപ്പോർട്ടുണ്ടു്. എന്നാൽ ചില സ്ഥലങ്ങളിൽ കൂടിയിരിക്കുന്നതായിട്ടും അറിവു ലഭിച്ചിട്ടുണ്ടു്. അവയെപ്പറ്റി നടപടി നടത്തുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ട്യേര അയ്യക്കൻ: നിലക്കടലപിണ്ണാക്ക് ഞരു് സപ്ലൈ ചെയ്യുന്നു.

ശ്രീ. ഇ. ജാൺ പിലിപ്പോസ്: അതു ടെണ്ടർ വിളിച്ചാണു് കൊടുത്തിട്ടുള്ളതു്.

ശ്രീ. ഇട്ട്യേര അയ്യക്കൻ: ഞരു് പ്രൊഡ്യൂസ് ചെയ്യുന്നതു് ഏതു കമ്പനിക്കാരാണു്?

ശ്രീ. ഇ. ജാൺപിലിപ്പോസ്: അതു് അറിഞ്ഞുകൂടാ. ഏതെങ്കിലും കമ്പനിക്കാർ പ്രൊഡ്യൂസു് ചെയ്യുകയാണെങ്കിൽ വേണ്ട പ്രോത്സാഹനം നൽകുന്നതാണു്.

ശ്രീ. ഇട്ട്യേര അയ്യക്കൻ: എറണാകുളത്തെ ടാറാ കമ്പനിക്കാർ ഇതു് ഉണ്ടാകുന്നുണ്ടെന്നു അറിയാമോ?

ശ്രീ. ഇ. ജാൺ പിലിപ്പോസ്: അതു് അവിടെ ഇപ്പോൾ അവൈലബിൾ അല്ലെന്നാണു് അറിയുന്നതു്.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഏതെല്ലാം വളങ്ങൾ ഏതെല്ലാം സ്ഥലങ്ങളിൽ വിതരണം ചെയ്യുന്നു എന്നു അറിയാമോ?

ശ്രീ. ഇ. ജാൺ പിലിപ്പോസ്: എല്ലായിടത്തും ഒരുപോലെയാണു് വിതരണം ചെയ്യുന്നതു്.

ഫാറസ്റ്റ് വെട്ടി കൃഷിയോടങ്ങിട്ടുള്ള സ്ഥലങ്ങൾ

*൩൭. (ചോ) ശ്രീ. കോന്നനാട്ടു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യകേരളസംസ്ഥാനത്തിൽ എത്ര ഏക്കർ സ്ഥലത്തിൽ ഫാറസ്റ്റ് വെട്ടി കൃഷിയോടങ്ങിയിട്ടുണ്ടു്;

(ബി) അതിൽ ഉദ്ദേശം എത്ര പറ നെല്ലു് കൂടുതൽ ഉല്പാദനം ഉണ്ടാകും?

(സി) അപ്രകാരമുള്ള കൃഷിക്കു ഗവൺമെണ്ടിൽ നിന്നും എന്തു സഹായധനം ചെയ്തു?

മരാമത്തും ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ പിലിപ്പോസ്): (എ) ഉദ്ദേശം ൨൯,൫൫൦ ഏക്കർ വനം ഇപ്പോൾ കൃഷി ചെയ്തിട്ടുണ്ടു്.

(ബി) ആ സ്ഥലത്തുനിന്നും ൭,൫൫,൭൫൦ പറ നെല്ലു് കൊല്ലംതോറും, രണ്ടുമുതുകൊല്ലങ്ങൾക്കു് ഉല്പാദിപ്പിക്കാമെന്നാണു് ഗവൺമെണ്ടു പ്രതീക്ഷിക്കുന്നതു്.

(സി) ധനസഹായം ഒന്നും ചെയ്തിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ വനങ്ങളിൽ ഉണ്ടായിരുന്ന തടി വിറ്റ വകയിൽ എന്തു് വരവുണ്ടായിരുന്നു?

ശ്രീ. ഇ. ജാൺ പിലിപ്പോസ്: അതു് എനിക്കു നിശ്ചയമില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കൊച്ചുവീരോത്തുനിന്നും എത്ര നെല്ലു് വിളയിക്കാമെന്നു് പ്രതീക്ഷിക്കുന്നു?

ശ്രീ. ഇ. ജാൺ പിലിപ്പോസ്: പ്രത്യേകം കണക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly